(സി) മുഖ്യമന്ത്രിയും വിദ്യാഭ്യാസ പൊതുമരാമത്തു വകുപ്പുമന്ത്രിയും മലേഷ്യ സന്ദർശിച്ചു. വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി വേറെ രാജ്യങ്ങൾ സന്ദർശിച്ചിട്ടില്ല.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

മുഖ്യമന്ത്രിയുടെ വിമാനയാത്ര കൂലിയിനത്തിൽ ചെലവായ തുക

5 (5) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ വിദേശയാത്രകൾക്കായി വിമാനയാത്രാ കൂലിയിനത്തിൽ എത്ര രൂപ ചെലവായി എന്ന് വെളിപ്പെടുത്താമോ ;

(ബി) ഓഡേപെക്ക് മുഖേന വിദേശയാത്രാടിക്കറ്റ് എടുക്കണമെന്ന വ്യവസ്ഥ ലംഘിച്ച് ഇതിലേതെങ്കിലും യാത്രയ്ക്കുള്ള ടിക്കറ്റ് സ്വകാര്യ ഏജൻസിയിൽ നിന്നും എടുത്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ സ്വകാര്യ ഏജൻസിയിൽ നിന്നും മുൻകൂർ തുക നൽകിയാണോ ടിക്കറ്റെടുത്തതെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഏതെങ്കിലും വിദേശ സ്വകാര്യ ഏജൻസി മുഖേന ലഭ്യമാക്കിയ വിമാനടിക്കറ്റ് ഏതെങ്കിലും വിദേശയാത്രയ്ക്ക് ഉപയോഗിച്ചിട്ടുണ്ടോ ;

(ഇ) വിദേശ ഗവൺമെന്റിന്റെയോ ഏജൻസിയുടെയോ അതിഥിയായി വിദേശയാത്ര നടത്തിയതിന്റെ ചെലവ് സംസ്ഥാന സർക്കാരിൽ നിന്നും എഴുതി വാങ്ങിയിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ ഏത് യാത്രയുടെ ചെലവാണ് എഴുതിവാങ്ങിയിരുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 660335 രൂപ

(ബി&സി) ഒഡേപെക്ക് മുഖേന വിദേശവിമാന യാത്രാടിക്കറ്റ് എടുക്കണമെന്ന വ്യവസ്ഥയൊന്നും നിലവിലില്ല.

(ഡി&ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

പ്ലസ് ടൂ കോഴ്സ് അനുവദിച്ചതിന്റെ പേരിൽ പണം കൈപ്പറ്റിയവരുടെ ലിസ്റ്റ്

6 (6) ശ്രീ. കെ. സുധാകരൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-2001 വർഷത്തിൽ പ്ലസ് ടൂ കോഴ്സ് അനുവദിച്ചതിന്റെ പേരിൽ ആരെങ്കിലും പണം കൈപ്പറ്റിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവരുടെ ലിസ്റ്റ് ഗവൺമെന്റിന്റെ പക്കലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly